**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 14** **27-06-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുബായ് സന്ദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രി എത്ര തവണ ദുബായ് സന്ദർശിച്ചിട്ടുണ്ട്; ഓരോ യാത്രയുടെയും ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | 2016 മുതൽ നാളിതുവരെ മുഖ്യമന്ത്രി അഞ്ചു തവണ ദുബായ് സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത സന്ദർശനങ്ങളെല്ലാം തന്നെ ഔദ്യോഗികമായിരുന്നു. |
| (ബി) | ഓരോ ദുബായ് സന്ദർശനത്തിലും മുഖ്യമന്ത്രി പങ്കെടുത്ത പരിപാടികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | 2016 ഡിസംബർ മാസത്തിൽ യു.എ.ഇ സന്ദർശിച്ച മുഖ്യമന്ത്രി ഷാർജയിലെ ഇന്ത്യ സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്യുകയു യു.എ.ഇയിലെ വിവിധ പ്രവാസി കേരളീയ സംഘടനകൾ സംഘടിപ്പിച്ച യോഗങ്ങളി പങ്കെടുക്കുകയും പ്രവാസി മലയാളികളുമായ സംവദിക്കുകയും ചെയ്തു.<br><br>2018-ലെ പ്രളയ കെടുതികളിൽ നിന്നും സംസ്ഥാന പുനർ നിർമ്മാണം സാധ്യമാക്കുന്നതിനായി പ്രവാസ കേരളീയരുടെ സാമ്പത്തിക-സാങ്കേതിക സഹകരണം അഭ്യർത്ഥിക്കുന്നതിന് 2018 ഒക്ടോബർ മാസത്തെ യു.എ.ഇ സന്ദർശനം സഹായകമായി.<br><br>2019 ഫെബ്രുവരിയിൽ ദുബായിൽ നടന്ന ലോക കേരള സഭയുടെ പ്രാദേശിക സമ്മേളനത്തിൽ മുഖ്യമന്ത്രി പങ്കെടുത്തിരുന്നു.<br><br>സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ പ്രവാസി സംരംഭകർക്ക പരിചയപ്പെടുത്തുന്നതിനായി ഇന്ത്യ ബിസിനസ് & പ്രൊഫഷണൽ കൗൺസിൽ 2019 ഒക്ടോബറിൽ സംഘടിപ്പി പരിപാടിയിൽ മുഖ്യമന്ത്രി പങ്കെടുത്തു. |

2022 ഫെബ്രുവരിയിലെ ദുബായ് സന്ദർശന വേളയിൽ യു.എ.ഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം ദുബായ് കിരീടാവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മഖ്തൂം യു.എ.ഇ ഉപപ്രധാനമന്ത്രിയും ധനമന്ത്രിയു ദുബായ് ഉപഭരണാധികാരിയുമായ ഷെയ്ഖ് മഖ്തൂം ബിൻ മുഹമ്മദ് റാഷിദ് അൽ മഖ്തൂം ദുബായ് സിവിൽ ഏവിയേഷൻ പ്രസിഡന്റുമായ ഷെയ്ഖ് അഹമ്മദ് ബിൻ സഈദ് അൽ മഖ്തൂം തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. ദുബായിൽ നടന്ന വേൾഡ് എക്സ്പോ 2020 ലെ കേരള പവലിയൻ ഉദ്ഘാടന ചടങ്ങിൽ അബുദാബി രാജകുടുംബാംഗവും യു. എ. ഇ ക്യാബിനറ്റ് മന്ത്രിയുമായ ഷേയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ, യു.എ.ഇ അന്താരാഷ്ട്ര വ്യാപാര വകുപ്പ് മന്ത്രി ഡോ. താനി ബിൻ അഹമ്മദ് അൽ സിയൂദി എന്നിവരും മറ്റ് പ്രധാന വ്യക്തിത്വങ്ങളും പങ്കെടുത്തു. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടി വിദേശ നിക്ഷേപകരെ ഉൾപ്പെടെ എത്തിക്കുന്നതിനായി ദുബായിലെ ഒബ്റോയി ഹോട്ടലിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമത്തിൽ രാജ്യാന്തര വ്യവസായികളുമായി മുഖ്യമന്ത്രി സംവദിക്കുകയുണ്ടായി. യു. എ. ഇ സർക്കാർ മേഖലയിൽ നിന്നും സ്വകാര്യ മേഖലകളിൽ നിന്നും നിക്ഷേപകരെ സംസ്ഥാനത്തേക്ക് സ്വാഗതം ചെയ്യാനും മെച്ചപ്പെട്ട വ്യവസായ സൗഹൃദാന്തരീക്ഷം ഒരുക്കുന്ന കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ മുൻകൈ എടുക്കുന്നതിനുമായി അബുദാബി രാജകുടുംബാംഗവും യു. എ. ഇ ക്യാബിനറ്റ് മന്ത്രിയുമായ ഷേയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനുമായി ചർച്ച നടത്തുകയുണ്ടായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനായി സംസ്ഥാന സർക്കാർ നടത്തിയ പ്രധാന ഇടപെടലുകൾ, ലഭ്യമായ നിക്ഷേപ അവസരങ്ങൾ എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി ഇന്ത്യൻ ബിസിനസ് ആൻഡ് പ്രോമോഷൻ കൗൺസിൽ സംഘടിപ്പിച്ച യോഗത്തിലും പങ്കെടുക്കുകയുണ്ടായി. വാണിജ്യ വ്യവസായ രംഗത്തെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അബുദാബി

| | | | |
|---|---|---|---|
| | | | ചേംബറിന്റെ ഉന്നതതല സംഘം കേരളം സന്ദർശിക്കാമെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. 2022 ഫെബ്രുവരി 5 ന് ദുബായിലെ പ്രവാസി സംഘടനകളും ലോക കേരള സഭ അംഗങ്ങളും നോർക്കയും ചേർന്ന് ദുബായിലെ അൽ നാസ്സർ ലിഷർ ലാൻഡിൽ വെച്ച് മുഖ്യമന്ത്രിക്ക് സ്വീകരണവും പ്രവാസി സംഗമവും എന്ന പരിപാടി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടി ഉദ്ഘാടനം ചെയ്തതും മുഖ്യമന്ത്രി ആയിരുന്നു. 2022 ഫെബ്രുവരി 4 ന് വേൾഡ് എക്സ്പോ 2020 ലെ കേരള പവലിയന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. |
| (സി) | 2016-ലെ ദുബായ് യാത്രയുടെ സമയത്ത് മുഖ്യമന്ത്രി എടുക്കാൻ മറന്ന ബാഗേജ് പിന്നീട് യു.എ.ഇ. കോൺസുലേറ്റിലെ നയതന്ത്ര പ്രതിനിധിയുടെ കൈവശം ദുബായിൽ എത്തിച്ച് നൽകിയിട്ടുണ്ടോ; | (സി) | മുഖ്യമന്ത്രിയുടെ ബാഗേജ് എടുക്കാൻ മറന്നിട്ടില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത ബാഗേജിൽ കറൻസി കടത്തിയെന്ന സ്വർണ്ണക്കടത്ത് കേസ് പ്രതിയുടെ വെളിപ്പെടുത്തൽ വസ്തുതാപരമാണോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ